LIBRARY ARCHIVES Kerala Legislative Assembly

## മലപ്പുറം ജില്ലയിലെ മുതുവല്ലൂരിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ

**159 (824)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മലപ്പുറം ജില്ലയിലെ മുതുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഇത് സംബന്ധമായി നൽകിയ അപേക്ഷയിന്മേൽ ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പിലുള്ള 10772/പി2/2014/ആ.കു.വ. ഫയലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ) പുതുതായി ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) മലപ്പുറം ജില്ലയിലെ മുതുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള റിപ്പോർട്ട് ഹോമിയോപ്പതി ഡയറക്ടറിൽനിന്നും ലഭിച്ചിട്ടില്ല.

(സി) മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ 26-6-2014-ലെ 10772/പി2/2014/ആ.കു.വ. നമ്പർ കത്ത് പ്രകാരം ഹോമിയോപ്പതി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമായിട്ടില്ല.

## പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറികൾ/ ആശുപത്രികൾ

**160 (825)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറികൾ/ ആശുപത്രികളുടെ പദവി ഉയർത്തണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;